# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4895 — 4/7/2012-ൽ മറുപടിക്ക്

## മത്സ്യഭവനുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

**മറുപടി**

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ മത്സ്യഭവനുകളുടെ ഇന്നത്തെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; | (എ). ഉണ്ട്. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ, മത്സ്യബോർഡു മുഖേന നടപ്പിലാക്കുന്ന ഫിഷറീസ് മേഖലയിലെ പദ്ധതികൾ എന്നിവയുടെ ശരിയായ മേൽനോട്ടത്തിനായി മത്സ്യഭവനുകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കറണ്ട്, കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യം എന്നീ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം എല്ലാ മത്സ്യഭവനുകളേയും കംപ്യൂട്ടർവൽക്കരിക്കുന്നതിനും ആധുനീകരിക്കുന്നതിനും ഈ സാംപത്തിക വർഷം ബജറ്റിൽ 2405-00-800-26 എന്ന ശീർഷകത്തിൽ 40 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ ഗവേണൻസ് പ്രോജക്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഒരു മത്സ്യഭവന് ഫർണിച്ചറിനും വൈദ്യുതീകരണത്തിനുമായി 67,000/- രൂപയാണ് യൂണിറ്റ് കോസ്റ്റ്. യൂണിറ്റ് കോസ്റ്റിന്റെ 55% കേന്ദ്ര സർക്കാരും 45% സംസ്ഥാന സർക്കാരും നൽകുന്നു. 71 മത്സ്യ ഭവനുകൾക്ക് ഫർണിച്ചറിനും വൈദ്യുതീകരണത്തിനും കർമ്മ സമിതിയുടെ അംഗീകാരമായിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) സ്വന്തമായി കെട്ടിടമോ ആവശ്യത്തിന് ഉദ്യോഗസ്ഥരോ ഇല്ലാത്ത കാരണത്താൽ മത്സ്യഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | (ബി). ഇല്ല. മത്സ്യഭവനുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (സി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | | (സി). സ്വന്തമായി കെട്ടിടം ഇല്ലാത്ത സ്ഥലങ്ങളിൽ മത്സ്യഭവൻ പ്രവർത്തിപ്പിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്തുകൾ തന്നെ ചെയ്തുകൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.